നിയമം പോയി. 1999-ലെ നിയമം ഭേദഗതി ചെയ്തു. 9-ാം ഷെഡ്യൂളിൽപ്പെടുത്താതെ അതിന് കോൺസ്റ്റിറ്റ്യൂഷണൽ പ്രൊട്ടക്ഷൻ ഇല്ലെന്നു പറഞ്ഞ് struck down ചെയ്തു. ഇങ്ങനെയിരിക്കുമ്പോഴാണ് ട്രൈബ്യൂണലുകൾ പട്ടയം തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിച്ചത്. ഏതായാലും ഗവൺമെന്റ് ഒരു കാര്യം ചെയ്തിട്ടുണ്ട്. ഒരു സ്റ്റേ കൊടുത്തിട്ടുണ്ട്. ഇപ്പോൾ ഭൂമി കൈവശമുള്ളവരുടെ കയ്യിൽനിന്നും, പട്ടയം കൊടുത്ത കേസുകളെ സംബന്ധിച്ചിടത്തോളം, അത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് സ്റ്റേ കൊടുത്തിട്ടുണ്ട്. പട്ടയം കിട്ടിയിട്ടുള്ള ആളുകളെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ട നടപടികൾ ഗവൺമെന്റ് സ്വീകരിക്കുന്നതാണ്. അതിന് ആവശ്യമായ നിയമഭേദഗതികൾ ഏത് നിലയിൽ കൊണ്ടുവരണമെന്നുള്ളതിനെപ്പറ്റി ഗവൺമെന്റ് വളരെ ആത്മാർത്ഥമായി പരിശോധിച്ച് വളരെ യുക്തമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

(7) തുടർവിദ്യാഭ്യാസ കേന്ദ്രങ്ങളുടെ പ്രവർത്തനം

ശ്രീ. കെ. വി. രാജേന്ദ്രൻ: സർ, സമ്പൂർണ്ണ സാക്ഷരത നേടിയ നമ്മുടെ സംസ്ഥാനത്ത് തുടർവിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി നാലായിരത്തോളം കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ഇതിൽ എണ്ണായിരത്തോളം പ്രേരക്മാരും അസിസ്റ്റന്റ് പ്രേരക്മാരും ജോലി ചെയ്തുവരികയാണ്. എട്ട് മാസം മുതൽ 20 മാസം വരെയായി അവർക്ക് കൊടുത്തുകൊണ്ടിരുന്ന ചെറിയ തോതിലുള്ള ഓണറേറിയം നൽകുന്നില്ല. ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റോടുകൂടി നടത്തുന്നതാണ്. ദേശീയ സാക്ഷരതാ മിഷനിൽ നിന്ന് നമുക്കിതുവരെ 32,33,58,755 രൂപ ലഭിച്ചിട്ടുണ്ട്. ആ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ സമ്പൂർണ്ണമായി കേന്ദ്ര ഗവൺമെന്റ് ഗ്രാന്റും പിന്നീട് അൻപത് ശതമാനം സ്റ്റേറ്റ് ഗവൺമെന്റും അൻപതുശതമാനം കേന്ദ്ര ഗവൺമെന്റും എന്ന നിലയിലാണ് ഫണ്ട് ലഭിച്ചിരുന്നത്. അതനുസരിച്ച് 40 കോടി രൂപ വരും. അങ്ങനെയാണെങ്കിൽ ഈ പദ്ധതിക്കുവേണ്ടി ഇരുപത് കോടി രൂപ സംസ്ഥാന ഗവൺമെന്റ് നീക്കിവയ്ക്കണം. നമ്മുടെ ബഡ്ജറ്റിൽ വെറും ആറ് ലക്ഷം രൂപ മാത്രമാണ് നീക്കിവച്ചിരിക്കുന്നത്. അതിന്റെ ഫലമായി കേരളത്തിൽ ഏറ്റവും നന്നായി നടന്നുവന്നിരുന്ന 4,7,10 എന്നീ ക്ലാസ്സുകൾക്ക് തുല്യമായ വിദ്യാഭ്യാസം അനൗപചാരിക സംവിധാനത്തിൽ വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ നൽകിവന്നിരുന്നത് മുടങ്ങി. കൂടാതെ, സാക്ഷരതാ ക്ലാസ്സുകളിൽ നടന്നുവന്നിരുന്ന തൊഴിൽ പരിശീലന പരിപാടികൾ, വിവിധ ബോധവൽക്കരണ പരിപാടികൾ, കലാ-സാംസ്കാരികപ്രവർത്തനങ്ങൾ ഇവയൊക്കെയും തുടർകേന്ദ്രങ്ങളിൽ നല്ല നിലയിലാണ് നടത്തിയിരുന്നത്. ഓണറേറിയം കിട്ടിയില്ലെങ്കിലും ഈ കുട്ടികൾ നല്ല നിലയിലാണ് പ്രവർത്തിക്കുന്നത്. ഇതിൽ മൂന്നിലൊന്നും സ്ത്രീകളാണ്. സജീവമായി പ്രവർത്തിക്കുന്നവരിൽ ഏകദേശം 1500 ഓളം പേർ നിയമസഭാ

LIBRARY ARCHIVES Kerala Legislative Assembly

പടിക്കലേക്ക് മാർച്ച് നടത്തി. അന്ന് അവിശ്വാസപ്രമേയ ചർച്ച ആയതുകൊണ്ട് ഇവിടെ അത് അവതരിപ്പിക്കാൻ അവസരം കിട്ടിയില്ല. അതുകൊണ്ട് അടിയന്തിരമായി ഇത് തുടരാനുള്ള നടപടി സ്വീകരിക്കണം. സാക്ഷരതാ പരിപാടി തുടർന്നുകൊണ്ടുപോകണം. തുടർവിദ്യാഭ്യാസ പരിപാടി തുടർന്നുകൊണ്ടുപോകണം. അത് വളരെ പ്രധാനമാണ്. സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനത്തിന് ഈ തുടർച്ച അത്യന്താപേക്ഷിതമാണ് എന്നത് കണക്കിലെടുത്ത് ഇവരുടെ ഓണറേറിയം മുടക്കം കൂടാതെ കൊടുക്കണം. ബഡ്ജറ്റിൽ ആവശ്യമായ തുക നീക്കിവയ്ക്കണം. നമ്മൾ തുക മാറ്റിവയ്ക്കാത്തതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഒന്നും നൽകിയിട്ടില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റിൽനിന്നുള്ള ഗ്രാന്റ് വാങ്ങിയെടുക്കാൻ നമുക്ക് കഴിയണം. ഈ പദ്ധതി വിജയകരമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആവശ്യമായ നടപടി സ്വീകരിക്കണം. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി അതിനാവശ്യമായ ഫണ്ട് നീക്കിവയ്ക്കണം എന്നുകൂടി ഈ സബ്മിഷനിൽക്കൂടി അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി *(ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ)*: സർ, തുടർ സാക്ഷരതാ പ്രവർത്തനങ്ങൾക്ക് സഹായിക്കുന്ന പ്രേരക്മാരുടെ കാര്യത്തിൽ ശ്രീ. മാജേന്ദ്രൻ പറഞ്ഞ കാര്യം ശരിയാണ്. നാലായിരത്തോളം വിദ്യാകേന്ദ്രങ്ങളിൽ എണ്ണായിരത്തോളം പ്രേരക്മാർ ഉണ്ട്. അദ്ദേഹം പറഞ്ഞതുപോലെ 32,33,58,755 രൂപ കേന്ദ്ര ഗവൺമെന്റ് ഗ്രാന്റ് ആയി നൽകിയിരുന്നു. അവരുടെ അരിയേഴ്സ് കുറേ ഉണ്ടായിരുന്നു. പക്ഷേ, അതിൽ 2004 ഡിസംബർ വരെയുള്ള ഓണറേറിയം പൂർണ്ണമായി കൊടുത്തു. അതിനുശേഷമുള്ളതാണ് ഇപ്പോഴുള്ളത്. അതിനെക്കുറിച്ചു പറയുന്ന സമയത്ത് ആറ് കോടി രൂപയാണ് കേന്ദ്ര ഗവൺമെന്റ് തരേണ്ടത്, പക്ഷേ, അങ്ങ് പറഞ്ഞത് ആറ് ലക്ഷമെന്നാണ്. ബഡ്ജറ്റ് വിഹിതം 20 ലക്ഷം രൂപ നമ്മുടെ ബഡ്ജറ്റിൽ ഉണ്ട്. അതു പോരാ. മാക്സിമം ഗ്രാന്റ് വരുന്ന സമയത്ത് തത്തുല്യമായ തുക നമ്മൾ വകയിരുത്തേണ്ടതുണ്ട്. അത് കണക്കിലെടുത്ത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള പ്ലാൻ ഫണ്ടിന്റെ രണ്ട് ശതമാനം സാക്ഷരതാ തുടർവിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് മാറ്റിവയ്ക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്. അങ്ങനെ വരികയാണെങ്കിൽ ആ ഷെയർ നമ്മുടെ ഷെയർ ആയി വച്ചുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ഷെയർ നമുക്ക് പൂർണ്ണമായി കിട്ടും. അങ്ങ് അവർ നന്നായി ജോലി ചെയ്യുന്ന കാര്യം പറഞ്ഞു. ഞാനും അത് സമ്മതിക്കുന്നു. ഓണറേറിയം കൊടുക്കുന്ന കാര്യത്തിൽ വേഗം നടപടി സ്വീകരിക്കും. അരിയേഴ്സ് കഴിയുന്നതും വേഗം തീർത്തുകൊടുക്കുന്ന കാര്യം ഗവൺമെന്റ് ആലോചിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly